# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2026. 13/06/2019-ൽ മറുപടിക്ക്

### ഹൃദ്യം ചികിത്സാ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. യു. ആർ. പ്രദീപ്.** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ | ശൈശവത്തിലുള്ള കുട്ടികളുടെ ഹൃദയസംബന്ധമായ അസുഖത്തിന് ചികിത്സ നൽകുന്ന പദ്ധതിയായ ഹൃദ്യം പദ്ധതി എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചത്; | എ | ഹൃദ്യം പദ്ധതി 2017 ആഗസ്റ്റ് മാസം 31 മുതൽ ആരംഭിച്ചു |
| ബി) | ഹൃദ്യം പദ്ധതിയിൽ ചികിത്സാ സൗകര്യം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; | ബി, | എ.പി.എൽ/ബി.പി.എൽ വിത്യാസമില്ലാതെ, ജനനം മുതൽ 18 വയസുവരെയുള്ള ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന കേരളത്തിനകത്തുള്ള ഏതൊരു കുട്ടിയ്ക്കും ഹൃദ്യം പദ്ധതി വഴി ചികിത്സ സൗകര്യം ലഭ്യമാണ്. |
| സി) | സംസ്ഥാനത്ത് ഏതൊക്കെ ആശുപത്രികളിൽ ഇതുമായി ബന്ധപ്പെട്ട് ചികിത്സാ സൗകര്യം നിലവിലുണ്ട്; വിശദമാക്കുമോ? | സി. | ജന്മനായുള്ള ഹൃദ്രോഗം അഥവ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് വഴിയും ഹൃദ്യം പദ്ധതി പ്രകാരമുള്ള ചികിത്സ നടത്തി വരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, എറണാകുളം, ആസ്റ്റർ മെഡിസിറ്റി, എറണാകുളം, ലിസി ആശുപത്രി, എറണാകുളം, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, തിരുവല്ല, മിംസ് ഹോസ്പിറ്റൽ, കോഴിക്കോട് എന്നീ ആശുപത്രികളിലും ആർ. ബി. എസ്. കെ മാർഗ്ഗനിർദ്ദേശ പ്രകാരം ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ